പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ --1523 21.03.2012- ലെ മറുപടിക്ക്

<u>പ്രവാസി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും പ്രവാസികേരളീയകാര്യവും വകുപ്പ് മന്ത്രി)* |
| (എ) പ്രവാസി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണ്; | (എ) 2008 - ലെ കേരള പ്രവാസി കേരളീയ ക്ഷേമ ആക്റ്റ് പ്രകാരം 2009 മാർച്ചിൽ പ്രവാസി ക്ഷേമനിധി ഓഫീസ് തിരുവനന്തപുരത്ത് പ്രവർത്തനമാരംഭിച്ചു. 2010 ജനുവരിയിൽ പ്രവാസി ക്ഷേമ ബോർഡ് നിലവിൽ വന്നു. പ്രവാസി ക്ഷേമ ബോർഡിൽ അംഗത്വമെടുക്കുന്നവർക്കുള്ള അംഗത്വകാർഡും അംശദായ അടവുകാർഡും വിതരണം ചെയ്തുവരുന്നു. |
| (ബി) പ്രസ്തുത ബോർഡിൽ നാളിതുവരെ എത്ര പേർ അംഗത്വമെടുത്തിട്ടുണ്ട്; | (ബി) ഫെബ്രുവരി 2012 വരെ 85602 പേർ പ്രവാസി ക്ഷേമ ബോർഡിൽ അംഗത്വമെടുത്തിട്ടുണ്ട്. |
| (സി) അംഗങ്ങൾ ആയവർക്കെല്ലാം തിരിച്ചറിയൽ രേഖകളുടെ വിതരണം പൂർത്തീകരിച്ചിട്ടുണ്ടോ; | (സി) 60,000 അംഗങ്ങൾക്ക് അംശദായ അടവുകാർഡ് നൽകിയിട്ടുണ്ട്. |
| (ഡി) പ്രസ്തുത ബോർഡ് വഴി പ്രവാസികൾക്ക് ലഭ്യമാക്കി വരുന്ന ആനുകൂല്യങ്ങൾ വിശദമാക്കുമോ ? | (ഡി) അംഗങ്ങൾക്ക് ചികിത്സ ധനസഹായം, മരണപ്പെടുന്ന അംഗങ്ങളുടെ ആശ്രിതർക്ക് മരണാനന്തര ധനസഹായം എന്നിവ നിലവിൽ നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ